# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2367 – 05/11/2019 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

ചോദ്യം

ഉത്തരം

ശ്രീ.കെ. ബാബു

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ). | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ 31.01.2018 വരെ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള 78062 അപേക്ഷകളിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താല്ക്കാലികമായി നിരസിക്കപ്പെട്ടിട്ടുണ്ട് (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്). ബാക്കിയുള്ള 42509 അപേക്ഷയിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി ശുപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ 6 ഘട്ടങ്ങളിലായി 195.57 കോടി രൂപ ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി ശുപാർശയോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനകൾ നടത്തി സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ